# സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഒരു കമ്മറ്റിയും എൻ.എസ്.എസ്. എയിഡഡ് സ്കൂളുകളിൽ രൂപീകരിക്കാൻ പാടില്ല എന്ന് ഹൈക്കോടതി

നവകേരള മിഷന്റെ ഭാഗമായി കേരളസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പാക്കുന്നതിന് പുതിയ മാർഗ്ഗരേഖ സർക്കാർ ഏജൻസികൾ പുറപ്പെടുവിക്കുകയുണ്ടായി. ഈ മാർഗ്ഗരേഖയിൽ വിദ്യാഭ്യാസരംഗത്ത് എയിഡഡ് സ്കൂളുകൾ കാഴ്ചവച്ച മഹത്തായ സംഭാവനകളെക്കുറിച്ച് എടുത്തുപറയുന്നുണ്ട്. എങ്കിലും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റു പല കാര്യങ്ങളോടും യോജിക്കാൻ പ്രയാസമാണ്. 'എയിഡഡ് സ്കൂളുകളുടെ ഉടമസ്ഥതയെ മാത്രം നോക്കി നിലപാട് എടുക്കുന്നത് ശാസ്ത്രീയമല്ല' എന്ന രീതിയിലുള്ള സർക്കാരിന്റെ നിലപാട് മാർഗ്ഗരേഖയിൽ വ്യക്തമാക്കപ്പെടുന്നു. ഇത് പ്രതിഷേധാർഹമാണ്.

സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളുടെ വികസനത്തിനു വേണ്ടി വിവിധ തരത്തിലുള്ള കമ്മറ്റികളുടെ രൂപീകരണത്തെപ്പറ്റി നിർദ്ദേശമുണ്ട്. ഈ കമ്മറ്റികളിൽ, പഞ്ചായത്തിന്റെ പ്രതിനിധികൾക്കൊപ്പം വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന മറ്റാളുകൾക്കും പ്രാതിനിധ്യം നല്കിയിരിക്കുന്നു. ഈ തരത്തിലുള്ള കമ്മറ്റികൾ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുന്ന ഉപദേശക സമിതികളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. സ്കൂളിന്റെ വികസനത്തിന് ആവശ്യമായ പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിനും അതിനുള്ള ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള അധികാരം ഈ കമ്മറ്റികൾക്കാണ് നല്കിയിരിക്കുന്നത്. എയിഡഡ് സ്കൂളുകളുടെ അക്കാഡമിക് ഉണർവ്വും ഭൗതികസാഹചര്യങ്ങളുടെ വികസനവും കാര്യക്ഷമമായി നടപ്പാക്കുക എന്നുള്ളത് പ്രത്യക്ഷത്തിൽതന്നെ മാനേജ്മെന്റിന്റേയും ഗവൺമെന്റിന്റേയും നിയമപരമായ കടമയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് രണ്ട് തരത്തിലുള്ള നയമാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് പറയാതെ വയ്യ. ഒരേ തരത്തിലുള്ള കുട്ടികൾ പഠിക്കുന്ന ഗവൺമെന്റ് സ്കൂളിലും എയിഡഡ് സ്കൂളിലും വ്യത്യസ്തമായ സമീപനം സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് സ്കൂളുകൾ ഇന്റർനാഷണൽ സ്കൂളുകൾ ആക്കി മാറ്റുന്നതിന് ഗവൺമെന്റ് ധനസഹായം ചെയ്യുന്നു. അതേസമയം പ്രാദേശികമായ വികസനസമിതികൾ രൂപീകരിച്ച് ധനസമാഹരണം നടത്തി എയിഡഡ് സ്കൂളുകൾ പരിപോഷിപ്പിക്കാനും അതുവഴി മാനേജ്മെന്റുകൾക്ക് ഇപ്പോഴുള്ള അധികാരങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള ഗൂഢതന്ത്രമാണ് ഇതിലൂടെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ മറവിൽ എയ്ഡഡ് സ്കൂളുകളുടെ ഭരണതലങ്ങളിലേക്കുള്ള നിഗൂഢമായ കടന്നുകയറ്റവും അതിലൂടെ എയിഡഡ് സ്കൂളുകളെയും ഒപ്പം മാനേജ്മെന്റുകളെയും നിഷ്പ്രഭമാക്കുന്നതിനുള്ള ഒരു തന്ത്രവുമാണ് ഈ മാർഗ്ഗരേഖയിലൂടെ ഗവൺമെന്റ് ലക്ഷ്യമിടുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് മാനേജ്മെന്റുകളുമായി യാതൊരു ആശയവിനിമയവും നടത്തിയിട്ടില്ല എന്നതാണ് വസ്തുത.

ഈ മാർഗ്ഗരേഖ പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നായർ സർവ്വീസ് സൊസൈറ്റി സംസ്ഥാന ഗവണ്മെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അതിന് ആശാവഹമായ ഒരു പ്രതികരണവും ഉണ്ടായില്ല എന്നതാണ് സത്യം. ഈ സാഹചര്യത്തിൽ എൻ.എസ്.എസ്. ഈ മാർഗ്ഗരേഖയ്ക്കും അതിലെ നടപടിക്രമങ്ങൾക്കും എതിരെ ബഹു: കേരളാ ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വളരെ കൃത്യതയോടെ വാദം കേട്ടശേഷം, സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഒരു കമ്മറ്റിയും എൻ.എസ്.എസ്. മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ രൂപീകരിക്കാൻ ഗവണ്മെന്റ് നിർദ്ദേശിക്കാൻ പാടില്ല എന്ന വിധിയാണ് ഹൈക്കോടതിയിൽനിന്നും ഉണ്ടായിട്ടുള്ളത്. കേരളാ വിദ്യാഭ്യാസനിയമത്തിന് അനുസൃതമായി മാനേജ്മെന്റുകൾക്ക് എയിഡഡ് സ്കൂളുകളുടെ നടത്തിപ്പിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്വം വ്യക്തമാക്കുന്നതിനോടൊപ്പം അവരുടെ അവകാശങ്ങളിലുള്ള നിയമാനുസൃതമല്ലാത്ത കടന്നുകയറ്റത്തെ ഈ കോടതിവിധിയിലൂടെ വിലക്കിയിരിക്കുകയുമാണ്.

ഇത്തരം കാര്യങ്ങളിൽ എൻ.എസ്.എസ്. സ്വീകരിച്ചുവരുന്ന നിലപാട് മറ്റെല്ലാരംഗത്തും എന്നപോലെ വിദ്യാഭ്യാസരംഗത്തും സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ്.